**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6268** **10-11-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ മൂന്നാം കടവ് വളവ് റോഡിലെ അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി-മൂന്നാം കടവ്-പെരിയ റോഡിൽ മൂന്നാം കടവ് വളവിലുണ്ടാകുന്ന അപകടംമൂലം നാളിതുവരെ എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | 15.03.2020-ൽ പ്രസ്തുത സ്ഥലത്ത് ലോറി മറിഞ്ഞ് ഒരാളും 02.02.2021-ൽ കുണ്ടംകുഴി ഭാഗത്ത് നിന്നും വന്ന് മൂന്നാംകടവ് പാലം കഴിഞ്ഞുള്ള കയറ്റം കയറി പോവുകയായിരുന്ന ഓട്ടോ മറിഞ്ഞ് ഒരാളും മരണപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലത്ത് തുടർച്ചയായുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് റോഡ് സേഫ്റ്റി ഫണ്ടിൽ നിന്ന് തുക ലഭ്യമാക്കി ടി റോഡിലെ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | കുണ്ടംകുഴി മൂന്നാംകടവ് റോഡിൽ നിലവിലുള്ള പ്രതലം ബി.എം&ബി.സി പ്രവൃത്തികൾ ചെയ്ത് പുതുക്കിപ്പണിതിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി മൂന്നാംകടവ് ഭാഗങ്ങളിൽ സംരക്ഷണഭിത്തി crash barrier, brocken parapet, traffic sign pols, road markings, road studs എന്നിങ്ങനെയുള്ള ട്രാഫിക് സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കി റോഡിലെ അപകട സാധ്യത പരമാവധി ഒഴിവാക്കിയിട്ടുണ്ട്. മെയ് മാസത്തിൽ പൂർത്തിയായ പ്രസ്തുത നവീകരണ പ്രവൃത്തികൾക്ക് ശേഷം മൂന്നാംകടവ് വളവിൽ അപകടങ്ങൾ സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ